# Malayala Manorama
# 29 August 2018
# Thiruvananthapuram, After Flood, After Affects

## യഥാർഥ നഷ്ടം ഏറെ കൂടുതൽ: മുഖ്യമന്ത്രി

### ലോക കേരളസഭ വഴി പ്രവാസി പിന്തുണയ്ക്കു ശ്രമം

**മനോരമ ലേഖകൻ**

തിരുവനന്തപുരം • പ്രാഥമിക വിലയിരുത്തലിനേക്കാൾ ഏറെ കൂടുതലാണു യഥാർഥ നഷ്ടമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. റോഡുകളും പാലങ്ങളും ഉൾപ്പെടെ വലിയ തോതിൽ തകർന്നു. ഉൾനാടുകളിലെ സ്ഥിതി പരിതാപകരമാണ്. വേണ്ട അസംസ്കൃത വസ്തുക്കൾ കണ്ടെത്തുന്നതും ശ്രമകരമാണ്.

പണം, നിർമാണ മാതൃക, അസംസ്കൃത വസ്തു ലഭ്യത, ജീവനോപാധികൾ ഉറപ്പുവരുത്തൽ എന്നീ ഘടകങ്ങൾ യോജിച്ചാലേ പുനർനിർമാണം വിജയിക്കൂ. ലോക കേരളസഭ വഴി പ്രവാസി പിന്തുണയ്ക്കു നടപടി തുടങ്ങി. പ്രവാസികളുടെ വൻതോതിലുള്ള പിന്തുണ ലഭിക്കുന്നുണ്ട്. പൊലീസിന് അടിയന്തര സാഹചര്യങ്ങൾ നേരിടാനുള്ള പ്രാഥമിക ഉപകരണങ്ങളും പരിശീലനവും തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെങ്കിലും നൽകും. ഇത്തരം സാഹചര്യങ്ങളെ നേരിടാൻ പൊലീസ് സംവിധാനം ആധുനീകരിക്കും. കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്ന് ഉദാര സഹകരണമുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

**ക്യാംപുകളിൽ ഇനി 1.97 ലക്ഷം പേർ**

ദുരിതാശ്വാസ ക്യാംപുകളിൽനിന്ന് ഇതുവരെ 3,37,791 കുടുംബങ്ങളിലെ 12,53,189 പേർ വീടുകളിലേക്കു മടങ്ങി. ഇന്നലത്തെ കണക്ക് അനുസരിച്ച് 53,703 കുടുംബങ്ങളിലായി 1,97,518 പേർ ക്യാംപുകളിലുണ്ട്.